# പതിനഞ്ചാം കേരള നിയമസഭ

## മൂന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2021 നവംബർ 9, ചൊവ്വ

**നമ്പർ 48**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ അഞ്ചെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം :

കോഴിക്കോട് കെ.എസ്.ആർ.ടി.സി. സമുച്ചയ നിർമ്മാണത്തിലെ അപാകതകൾ കാരണം കെട്ടിടത്തിന് ഉണ്ടായിട്ടുള്ള ബലക്ഷയം മൂലവും, മാനദണ്ഡങ്ങളിൽ ഇളവ് നൽകി കുറഞ്ഞ നിരക്കിൽ പ്രസ്തുത കെട്ടിടം ലീസ് നൽകിയതിലൂടെ കെ.എസ്.ആർ.ടി.സി.-ക്ക് നഷ്ടം ഉണ്ടായിട്ടുള്ളതുമൂലവും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതര സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ടി. സിദ്ദിഖും മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. ഗതാഗത വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

ശ്രദ്ധ ക്ഷണിക്കൽ :

(1) കേന്ദ്ര സഹായം നിർത്തലാക്കിയതിനെത്തുടർന്ന് സംസ്ഥാനത്തെ തുടർ വിദ്യാഭ്യാസ പദ്ധതി നേരിടുന്ന പ്രതിസന്ധി പരിഹരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. കെ. ഡി. പ്രസേനൻ പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) സംസ്ഥാനത്തെ ഡാമുകളിലെ ജലം മുന്നറിയിപ്പില്ലാതെ തുറന്നുവിടുന്ന സാഹചര്യം ഒഴിവാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. സനീഷ്കുമാർ ജോസഫ് മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 2000/2021(i).

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ</u> :

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. വി. ഡി. സതീശൻ | SDRF-ൽ നിന്നും നഷ്ടപരിഹാരം ലഭിച്ച കുടുംബങ്ങളെയും ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി | തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി |
| 2 | ശ്രീ. ടി. വി. ഇബ്രാഹിം | ജലജീവൻ മിഷൻ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ഫണ്ട് | തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി |
| 3 | ശ്രീ. കെ. ബാബു (*നെന്മാറ*) | കാരപ്പാറ – കരിയാറുകുറ്റി പദ്ധതി | ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി വൈദ്യുതി വകുപ്പുമന്ത്രി |
| 4 | ശ്രീ. ടി. പി. രാമകൃഷ്ണൻ | പേരാമ്പ്ര മുതുകാട് ഗവ. ഐ.ടി.ഐ.-ക്ക് കെട്ടിട നിർമ്മാണം | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 5 | ശ്രീ. എ. പി. അനിൽ കുമാർ | കുണ്ടോട, ചേരി പ്രദേശങ്ങളിലെ ജനവാസ കേന്ദ്രങ്ങളിലെ വന്യമൃഗ ശല്യം | വനം-വന്യജീവി വകുപ്പുമന്ത്രി |
| 6 | ശ്രീ. സണ്ണി ജോസഫ് | വനവിസ്തൃതിക്കായി കിഫ്ബി പദ്ധതി വഴി ഏറ്റെടുക്കുന്ന ഭൂമിക്ക് നഷ്ടപരിഹാരം | വനം-വന്യജീവി വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 7 | ശ്രീ. കോവൂർ കുഞ്ഞുമോൻ | ശാസ്താംകോട്ടയിലെ കുരങ്ങ് ശല്യം | വനം-വന്യജീവി വകുപ്പുമന്ത്രി |
| 8 | ശ്രീ. മാത്യു ടി. തോമസ് | തിരുവല്ലയിലെ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ കാർഷിക യന്ത്രങ്ങൾ പ്രവർത്തനക്ഷമമാക്കു ന്നതിന് നടപടി | കൃഷി വകുപ്പുമന്ത്രി |
| 9 | ശ്രീ. പി. ബാലചന്ദ്രൻ | കൃഷിനാശം സംഭവിച്ച കോൾനിലങ്ങൾ ക്കാവശ്യമായ കുമ്മായവും രാസവളവും ലഭ്യമാക്കാൻ നടപടി | കൃഷി വകുപ്പുമന്ത്രി |
| 10 | ശ്രീ. എം. വിജിൻ | പാലക്കോട് അഴിമുഖത്ത് പുലിമുട്ടുകൾ സ്ഥാപിക്കുന്നതിന് നടപടി | മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമം വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി |

അതാതു വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>റിപ്പോർട്ട് സമർപ്പണം</u> :

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു:

(i) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പതിനൊന്ന് മുതൽ പതിനാറ് വരെയുള്ള റിപ്പോർട്ടുകൾ.

(ii) പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ ഒന്ന്, രണ്ട് റിപ്പോർട്ടുകൾ.

നിയമനിർമ്മാണകാര്യം :

സബ്ജക്ട് കമ്മറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും:

(1) 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ, 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജ്, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ, 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ എന്നിവ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തിയ ശ്രീ. എ. പി. അനിൽ കുമാർ, ശ്രീ. പി. കെ. ബഷീർ, ശ്രീമതി. കെ. കെ. രമ എന്നീ അംഗങ്ങൾ സംസാരിച്ചു.

2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. പി. വി. ശ്രീനിജിൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. എ. എൻ. ഷംസീർ അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. പ്രമോദ് നാരായൺ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീമതി. യു. പ്രതിഭ അവതരിപ്പിച്ച് സംസാരിച്ചു.

2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. വി. കെ. പ്രശാന്ത് ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. കെ. ഡി. പ്രസേനൻ അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. പി. കെ. ബഷീർ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച് സംസാരിച്ചു.

ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കും ശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് ബില്ലുകൾ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ സഭ പാസ്സാക്കുകയും ചെയ്തു:

(i) <u>സബ്ജക്ട് കമ്മറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ</u>

<u>ദീർഘ ശീർഷകം</u>

ദീർഘശീർഷകത്തിൽ "ആനുഷംഗികമായതോ" എന്നതിന് മുൻപ് "അതിന്" എന്ന് ചേർക്കുക.

<u>പീഠിക</u>

പീഠികയിൽ "ആനുഷംഗികമായതോ" എന്നതിന് മുൻപ് "അതിന്" എന്ന് ചേർക്കുക.

<u>രണ്ടാം വകുപ്പ്</u>

(i) ഖണ്ഡം 2 (എ)-ൽ "ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ കൗൺസിൽ" എന്നീ വാക്കുകൾക്ക് ശേഷം "," എന്ന ചിഹ്നം ചേർക്കുക.

(ii) ഖണ്ഡം 2 (a)-യിൽ " കൗൺസിലുകളും" എന്ന വാക്കിനു പകരം "കൗൺസിലും" എന്ന വാക്ക് ചേർക്കുക.

(iii) ഖണ്ഡം 2(എ)-ൽ "കീഴിൻ" എന്നതിനുപകരം "കീഴിൽ" എന്ന് ചേർക്കുക.

(iv) ഖണ്ഡം 2(സി)-ൽ, "ഹോമിയോപ്പതിക്ക്" എന്നതിന് പകരം "ഹോമിയോപ്പതിക് " എന്ന് ചേർക്കുക.

(v) ഖണ്ഡം 2(ഡി)-ൽ "ആയുർവേദ" എന്നതിന് ശേഷം "ചികിത്സാ" എന്ന് ചേർക്കുക.

(vi) ഖണ്ഡം 2(ഡി)-ൽ "ചികിത്സ കേന്ദ്രങ്ങൾ" എന്ന് വരുന്നിടത്തെല്ലാം "ചികിത്സാ കേന്ദ്രങ്ങൾ" എന്ന് ചേർക്കുക.

(vii) ഖണ്ഡം 2 (ഇ)-ൽ "ആയുർവ്വേദ" എന്നതിന് പകരം "ആയുർവേദ" എന്ന് ചേർക്കുക.

(viii) ഖണ്ഡം 2 (ഇ)-ൽ "സിദ്ധ മെഡിസിൻ" എന്നതിന് പകരം "സിദ്ധ ചികിത്സ" എന്ന് ചേർക്കുക.

(ix) ഖണ്ഡം 2(എഫ്)-ൽ "മോഡേൺ മെഡിസിനോ" എന്നതിന് ശേഷമുള്ള "," ചിഹ്നം ഒഴിവാക്കുക.

(x) ഖണ്ഡം 2(എഫ്)-ൽ "ഹോമിയോപ്പതിക്ക്" എന്നതിന് പകരം "ഹോമിയോപ്പതിക്" എന്ന് ചേർക്കുക.

(xi) 2-ാം ഖണ്ഡത്തിന്റെ (ഐ) (ii) ഇനത്തിനു പകരം "ഔട്ട് പേഷ്യന്റ് വിഭാഗവും ഇൻപേഷ്യന്റ് വിഭാഗവും ഉള്ളതായ പ്രകൃതിചികിത്സാ ആശുപത്രികൾ; അല്ലെങ്കിൽ" എന്ന ഇനം ചേർക്കുക.

(xii) ഖണ്ഡം 2 (എൽ)-ൽ "എന്നാൽ" എന്നതിന് ശേഷമുള്ള "ഒരു" എന്നത് ഒഴിവാക്കുക.

(xiii) ഖണ്ഡം 2(എൽ)-ൽ "കൈവശമുള്ള" എന്നതിന് ശേഷമുള്ള "ഒരു" എന്ന വാക്ക് ഒഴിവാക്കുക.

(xiv) ഖണ്ഡം 2(പി)-ൽ "നിയമിച്ച" എന്നതിന് പകരം "നിയമിക്കപ്പെട്ട" എന്ന് ചേർക്കുക.

(xv) ഖണ്ഡം 2(പി)-ൽ "ബന്ധപ്പെട്ട കൗൺസിലിന്റെ" എന്നത് ഒഴിവാക്കുക.

<u>മൂന്നാം വകുപ്പ്</u>

(i) ഖണ്ഡം 3(1)(ബി) -ൽ "കൂടാതെ" എന്നത് ഒഴിവാക്കുക.

(ii) ഖണ്ഡം 3(1)(സി)-ൽ "ഹോമിയോപ്പതിക്ക്" എന്നതിന് പകരം "ഹോമിയോപ്പതിക് " എന്ന് ചേർക്കുക.

(iii) 3-ാം ഖണ്ഡത്തിന്റെ (3)-ാം ഉപഖണ്ഡത്തിൽ "മോഡേൺ മെഡിസിൻ കൗൺസിലിൽ താഴെപ്പറയുന്ന പതിനഞ്ച് അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്" എന്ന വാക്കുകൾക്കു പകരം "മോഡേൺ മെഡിസിൻ കൗൺസിൽ താഴെപ്പറയുന്ന പതിനഞ്ച് അംഗങ്ങൾ അടങ്ങുന്നതാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(iv) ഖണ്ഡം 3 (3)(ഡി)-ൽ "നാമനിർദ്ദേശം ചെയ്യപ്പെടുന്ന" എന്നതിന് പകരം "സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന" എന്ന് ചേർക്കുക.

(v) ഖണ്ഡം 3(3)(ഇ)-ൽ "സ്വകാര്യ" എന്നതിന് പകരം "സ്വകാര്യ/ സ്വാശ്രയ" എന്ന വാക്കുകളും ചിഹ്നവും ചേർക്കുക.

(vi) ഖണ്ഡം 3(3) (എഫ്)-ൽ "രജിസ്ട്രേഷന് ശേഷം" എന്നത് ഒഴിവാക്കുക.

(vii) ഖണ്ഡം 3(3)(ജി)-ൽ "രജിസ്ട്രേഷന് ശേഷം" എന്നത് ഒഴിവാക്കുക.

(viii) ഖണ്ഡം 3(3)(എച്ച്)-ൽ "സർവ്വകലാശാലയിലെ" എന്നതിന് പകരം "സർവ്വകലാശാലയുടെ" എന്ന് ചേർക്കുക.

(ix) 3- ാം ഖണ്ഡത്തിന്റെ (4)-ാം ഉപഖണ്ഡത്തിൽ " ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ കൗൺസിലിൽ താഴെപ്പറയുന്ന പതിനഞ്ച് അംഗങ്ങൾ, അടങ്ങിയിരിക്കേണ്ടതാണ്" എന്ന വാക്കുകൾക്ക് പകരം "ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ കൗൺസിൽ താഴെപ്പറയുന്ന പതിനഞ്ച് അംഗങ്ങൾ അടങ്ങുന്നതാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(x) ഖണ്ഡം 3(4)(എ)-ൽ "എഡ്യൂക്കേഷൻ" എന്നതിന് ശേഷം "ഡിപ്പാർട്ട്മെന്റ്" എന്ന് ചേർക്കുക.

(xi) ഖണ്ഡം 3(4)(ബി)-ൽ "മെഡിസിൻ" എന്നതിന് ശേഷം "ഡിപ്പാർട്ട്മെന്റ്" എന്ന് ചേർക്കുക.

(xii) ഖണ്ഡം 3(4)(സി)-ൽ "പ്രകൃതിചികിത്സയും" എന്നതിന് ശേഷം "എന്നീ വിഭാഗങ്ങളിലെ" എന്ന് ചേർക്കുക.

(xiii) ഖണ്ഡം 3(4)(ഡി)-ൽ “നാമനിർദ്ദേശം ചെയ്യപ്പെടുന്ന" എന്നതിന് പകരം "സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന " എന്ന് ചേർക്കുക.

(xiv) ഖണ്ഡം 3(4)(എഫ്)-ൽ "മെഡിസിനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രാക്ടീഷണർമാരിൽ" എന്നതിന് പകരം "മെഡിസിനിലെ രജിസ്റ്റേർഡ് പ്രാക്ടീഷണർമാർ അവർക്കിടയിൽ" എന്ന് ചേർക്കുക.

(xv) ഖണ്ഡം 3(4)(ജെ)(i)-ൽ "പ്രകൃതി ചികിത്സയും യോഗ സയൻസ്" എന്നതിന് പകരം "യോഗയും പ്രകൃതിചികിത്സയും" എന്ന് ചേർക്കുക.

(xvi) ഖണ്ഡം 3(4)(കെ)-ൽ "സർവ്വകലാശാലയിലെ” എന്നതിന് പകരം "സർവ്വകലാശാലയുടെ” എന്ന് ചേർക്കുക.

(xvii) 3-ാം ഖണ്ഡത്തിന്റെ (5)-ാം ഉപഖണ്ഡത്തിൽ "ഹോമിയോപ്പതിക് മെഡിസിൻ കൗൺസിലിൽ താഴെപ്പറയുന്ന പന്ത്രണ്ട് അംഗങ്ങൾ

അടങ്ങിയിരിക്കേണ്ടതാണ്" എന്ന വാക്കുകൾക്കു പകരം "ഹോമിയോപ്പതിക് മെഡിസിൻ കൗൺസിൽ താഴെപ്പറയുന്ന പന്ത്രണ്ട് അംഗങ്ങൾ അടങ്ങുന്നതാണ്, അതായത്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(xviii) ഖണ്ഡം 3(5)(ഡി)-ൽ "നാമനിർദ്ദേശം ചെയ്യപ്പെടുന്ന" എന്നതിന് പകരം "സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന" എന്ന് ചേർക്കുക.

(xix) ഖണ്ഡം 3(5)(എച്ച്)-ൽ "സർവകലാശാലയിലെ" എന്നതിന് പകരം "സർവ്വകലാശാലയുടെ" എന്ന് ചേർക്കുക.

<u>ഏഴാം വകുപ്പ്</u>

ഖണ്ഡം 7(3)-ൽ "വീണ്ടും" എന്നതിന് മുൻപ് "ഒരു തവണ കൂടി" എന്ന് ചേർക്കുക.

<u>എട്ടാം വകുപ്പ്</u>

(i) 8- ാം ഖണ്ഡത്തിലെ (5)- ാം ഉപഖണ്ഡത്തിൽ " പ്രസിഡന്റിന്റെ സ്ഥാനം ഒഴിവുള്ളപ്പോഴോ അല്ലെങ്കിൽ പ്രസിഡന്റിന് ചുമതല നിർവ്വഹിക്കാനാകാത്തപ്പഴോ ആ ഉദ്യോഗത്തിൽ ഒരു ഒഴിവുണ്ടെങ്കിൽ, രജിസ്ട്രാർ, കൗൺസിൽ അംഗങ്ങൾക്ക് ഏഴ് പൂർണ്ണ ദിവസത്തിൽ കുറയാതെ നോട്ടീസ് കൊടുത്തശേഷം, പ്രസിഡന്റിന്റെ തെരഞ്ഞെടുപ്പിനായി ഒരു യോഗം വിളിച്ചുകൂട്ടേണ്ടതും," എന്ന വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം താഴെപ്പറയുന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

"പ്രസിഡന്റിന്റെ സ്ഥാനം ഒഴിവുള്ളപ്പോഴോ, അല്ലെങ്കിൽ പ്രസിഡന്റിന്റെ ചുമതല നിർവ്വഹിക്കാനാകാത്തപ്പോഴോ അതേസമയത്ത് തന്നെ, വൈസ്-പ്രസിഡന്റിന്റെ സ്ഥാനം ഒഴിവുള്ളപ്പോഴോ അല്ലെങ്കിൽ വൈസ്-പ്രസിഡന്റിന് ചുമതല നിർവ്വഹിക്കാനാകാത്തപ്പോഴോ ആ ഉദ്യോഗത്തിൽ ഒഴിവുണ്ടെങ്കിൽ, രജിസ്ട്രാർ, കൗൺസിൽ അംഗങ്ങൾക്ക് ഏഴ് പൂർണ്ണ ദിവസത്തിൽ കുറയാതെ നോട്ടീസ് കൊടുത്തശേഷം പ്രസിഡന്റിന്റെ തെരഞ്ഞെടുപ്പിനായി ഒരു യോഗം വിളിച്ചുകൂട്ടേണ്ടതാണ്".

(ii) ഖണ്ഡം 8(5)-ൽ "മുക്തരാകുന്നതുവരെയോ" എന്നതിന് പകരം "മുക്തനാകുന്നതുവരെയോ" എന്ന് ചേർക്കുക.

(iii) ഖണ്ഡം 8(5)-ൽ "ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പലും കൺട്രോളിംഗ് ഓഫീസറും" എന്നതിന് പകരം "ഹോമിയോപ്പതിക് മെഡിക്കൽ വിദ്യാഭ്യാസ പ്രിൻസിപ്പൽ ആന്റ് കൺട്രോളിംഗ് ഓഫീസർ എന്നിവർ" എന്ന് ചേർക്കുക.

## പത്താം വകുപ്പ്

ഖണ്ഡം 10-ൽ "നിയമനങ്ങളും" എന്നതിന് ശേഷം "സർക്കാർ ഔദ്യോഗിക " എന്ന് ചേർക്കുക.

## പതിനൊന്നാം വകുപ്പ്

(i) (സി) ഇനത്തിൽ" അയാളെ" എന്ന വാക്കിനു പകരം "അയാൾ" എന്ന വാക്ക് ചേർക്കുക.

(ii) ഖണ്ഡം 11 (ബി)-ൽ "ബുദ്ധിസ്ഥിരതയില്ലാത്തതായിരിക്കുകയും" എന്നതിന് പകരം "ബുദ്ധിസ്ഥിരതയില്ലാത്തയാളായിരിക്കുകയും" എന്ന് ചേർക്കുക.

(iii) ഖണ്ഡം 11(ഇ)-ൽ "അതാത്" എന്നതിന് പകരം "അതത്" എന്ന് ചേർക്കുക.

(iv) ഖണ്ഡം 11(ഇ)-ൽ "ഹോമിയോപ്പതിക്ക്" എന്നതിന് പകരം "ഹോമിയാപ്പതിക്" എന്ന് ചേർക്കുക.

(v) 11-ാം ഖണ്ഡത്തിലെ (എഫ്) ഇനത്തിൽ "നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ള" എന്ന വാക്കുകൾക്ക് പകരം "നാമനിർദ്ദേശം ചെയ്യപ്പെട്ടെങ്കിലും" എന്ന വാക്കുകൾ ചേർക്കുക.

(vi) ഖണ്ഡം 11(എഫ്)-ൽ "ഹോമിയോപ്പതിക്ക്" എന്നതിന് പകരം "ഹോമിയോപ്പതിക്" എന്ന് ചേർക്കുക.

(vii) 11-ാം ഖണ്ഡത്തിലെ (ജി) ഇനത്തിൽ "സംസ്ഥാനത്തെ പ്രൈവറ്റ്/ എയ്ഡഡ്/സ്വാശ്രയ മെഡിക്കൽ കോളേജ്, പ്രൈവറ്റ്/എയ്ഡഡ്/സ്വാശ്രയ ഹോമിയോപ്പതിക്ക് മെഡിക്കൽ കോളേജ് അല്ലെങ്കിൽ പ്രൈവറ്റ് ആയുർവേദ മെഡിക്കൽ കോളേജിലെ പ്രിൻസിപ്പൽ അല്ലാതായിത്തീരുന്നെങ്കിൽ" എന്ന വാക്കുകൾക്ക് പകരം "സംസ്ഥാനത്തെ സ്വകാര്യ മെഡിക്കൽ കോളേജ്, അല്ലെങ്കിൽ ആയുർവേദ/സിദ്ധ/യുനാനി എന്നീ വിഭാഗങ്ങളിലെ, സ്വകാര്യ/എയ്ഡഡ്/ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെയോ യോഗയും പ്രകൃതി ചികിത്സയും സ്ഥാപനങ്ങളിലെയോ, സ്വകാര്യ/എയ്ഡഡ്/സ്വാശ്രയ ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ പ്രിൻസിപ്പൽ അല്ലാതായിത്തീരുന്നെങ്കിൽ," എന്ന വാക്കുകൾ ചേർക്കുക.

## പതിനാലാം വകുപ്പ്

ഖണ്ഡം 14(1)-ൽ "അദ്ധ്യക്ഷം" എന്നതിനുപകരം "അദ്ധ്യക്ഷത" എന്ന് ചേർക്കുക.

## പതിനാറാം വകുപ്പ്

(i) 16-ാം ഖണ്ഡത്തിലെ (4)-ാം ഉപഖണ്ഡത്തിൽ "യോഗത്തിലെ ചോദ്യങ്ങൾക്ക്" എന്ന വാക്കുകൾക്ക് പകരം "യോഗത്തിൽ വോട്ടെടുപ്പിലൂടെ തീരുമാനമെടുക്കേണ്ട സംഗതികളിൽ" എന്ന വാക്കുകൾ ചേർക്കുക.

(ii) ഖണ്ഡം 16(4)-ൽ "ഉണ്ടാക്കുന്നതുമാണ്" എന്നതിന് പകരം "ഉണ്ടായതായി കരുതപ്പെടുന്നതുമാണ്" എന്ന് ചേർക്കുക.

## പതിനെട്ടാം വകുപ്പ്

ഖണ്ഡം 18-ൽ "മറ്റു" എന്നതിന് പകരം "മറ്റ്" എന്ന് ചേർക്കുക.

## പത്തൊമ്പതാം വകുപ്പ്

(i) ഖണ്ഡം 19 (1)-ൽ "ആയിരിക്കുന്നതാണ്" എന്നതിന് പകരം "ആയിരിക്കുന്നതുമാണ്" എന്ന് ചേർക്കുക.

(ii) (2)-ാം ഉപഖണ്ഡത്തിൽ "അഡീഷണൽ നിയമ സെക്രട്ടറി" എന്ന വാക്കുകൾക്ക് പകരം "അഡീഷണൽ സെക്രട്ടറി" എന്ന വാക്കുകൾ ചേർക്കുക.

## ഇരുപതാം വകുപ്പ്

(i) ഖണ്ഡം 20(3)-ൽ "റ്റിബ്ബി" എന്നതിന് പകരം "ടിബ്ബി" എന്ന് ചേർക്കുക.

(ii) ഖണ്ഡം 20 (5)-ൽ "വകുപ്പ്പ്രകാരം" എന്നതിനുപകരം "വകുപ്പ് പ്രകാരം" എന്ന് ചേർക്കുക.

## ഇരുപത്തിയൊന്നാം വകുപ്പ്

(i) ഖണ്ഡം 21(1)-ൽ "മറ്റു" എന്നതിന് പകരം "മറ്റ്" എന്ന് ചേർക്കുക.

(ii) ഖണ്ഡം 21(1)-ൽ "നിർണ്ണയിക്കപ്പെടാവുന്ന" എന്നതിന് പകരം "നിർണ്ണയിക്കപ്പെട്ട" എന്ന് ചേർക്കുക.

(iii) (2)-ാം ഉപഖണ്ഡത്തിൽ "ജീവനക്കാർക്കും" എന്ന വാക്കിനു ശേഷം "ബാധകമായ" എന്ന വാക്ക് ചേർക്കുക.

(iv) ഖണ്ഡം 21(3)-ൽ "ശിക്ഷിക്കുന്നതിനോ" എന്നതിന് ശേഷം വരുന്ന " , " ചിഹ്നം ഒഴിവാക്കുക.

(v) (4)-ാം ഉപഖണ്ഡത്തിൽ "(1)-ഉം (2)-ഉം ഉപവകുപ്പുകൾ" എന്നതിന് പകരം "(1)-ാം ഉപവകുപ്പ്" എന്നത് ചേർക്കുക.

<u>ഇരുപത്തിരണ്ടാം വകുപ്പ്</u>

ഖണ്ഡം 22(2)-ൽ "എഴുപത്തിയഞ്ച് ശതമാനത്തിൽ" എന്നതിന് പകരം "നാലിൽ മൂന്നിൽ" എന്ന് ചേർക്കുക.

<u>ഇരുപത്തിമൂന്നാം വകുപ്പ്</u>

ഖണ്ഡം 23(1)-ൽ "സർക്കാർ കാണുന്നപക്ഷം" എന്നതിന് പകരം "സർക്കാരിന് ബോദ്ധ്യപ്പെടുന്നപക്ഷം" എന്ന് ചേർക്കുക.

<u>ഇരുപത്തിനാലാം വകുപ്പ്</u>

(i) ഖണ്ഡം 24(1)-ൽ "അംഗീകൃത സ്ഥാപനത്തിൽ നിന്ന്" എന്നതിന് ശേഷം "വൈദ്യശാസ്ത്ര" എന്ന് ചേർക്കുക.

(ii) (1)-ാം ഉപഖണ്ഡത്തിൽ "മുറപ്രകാരമുള്ള" എന്ന വാക്കിനുപകരം "റഗുലർ സമ്പ്രദായത്തിലുള്ള" എന്ന വാക്കുകൾ ചേർക്കുക.

<u>ഇരുപത്തിയഞ്ചാം വകുപ്പ്</u>

(i) ഖണ്ഡം 25(2) -ൽ "ഒരു" എന്നത് ഒഴിവാക്കുക.

(ii) ഖണ്ഡം 25(2) -ൽ "ഫോറത്തിലും" എന്നതിന് പകരം "ഫാറത്തിലും" എന്ന് ചേർക്കുക.

(iii) ഖണ്ഡം 25(3)-ൽ "കാലാകാലങ്ങളായി" എന്നതിന് പകരം "കാലാകാലങ്ങളിൽ" എന്ന് ചേർക്കുക.

(iv) (3)-ാം ഉപഖണ്ഡത്തിൽ "ഏതെങ്കിലും അധികമായുള്ള" എന്ന വാക്കുകൾക്ക് പകരം "അധികമായി നേടിയിട്ടുള്ള ഏതെങ്കിലും" എന്നത് ചേർക്കുക.

(v) (3)-ാം ഉപഖണ്ഡത്തിൽ "നിർണ്ണയിക്കുന്ന" എന്ന വാക്കിനുപകരം "നിശ്ചയിക്കുന്ന" എന്ന വാക്ക് ചേർക്കുക.

(vi) ഖണ്ഡം 25(5)-ൽ "ഉചിതമായ" എന്നതിന് പകരം "ബന്ധപ്പെട്ട" എന്ന് ചേർക്കുക.

(vii) ഖണ്ഡം 25(6)-ൽ "നിർണ്ണയിക്കപ്പെടാവുന്ന" എന്നതിന് പകരം "നിർണ്ണയിക്കപ്പെട്ട" എന്ന് ചേർക്കുക.

(viii) (7)-ാം ഉപഖണ്ഡത്തിൽ "അതത് സംഗതിപോലെ, പ്രാഥമിക അല്ലെങ്കിൽ അധിക അംഗീകൃത യോഗ്യതയായി പേര് രജിസ്റ്റർ ചെയ്തിട്ടുള്ള" എന്ന വാക്കുകൾക്ക് പകരം "അതത് സംഗതിപോലെ, പ്രാഥമിക അല്ലെങ്കിൽ അധിക അംഗീകൃത യോഗ്യതയുടെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള" എന്ന വാക്കുകൾ ചേർക്കുക.

<u>ഇരുപത്തിയാറാം വകുപ്പ്</u>

(i) ഖണ്ഡം 26(2)-ന്റെ ക്ലിപ്തനിബന്ധനയിൽ "എന്തെങ്കിലും" എന്നതിന് പകരം "ഏതെങ്കിലും" എന്ന് ചേർക്കുക.

(ii) ഖണ്ഡം 26(2)-ന്റെ ക്ലിപ്തനിബന്ധനയിൽ "ചേർക്കുന്നതിന് അയാൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ല" എന്നതിന് പകരം "ചേർക്കപ്പെടുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല" എന്ന് ചേർക്കുക.

<u>ഇരുപത്തിയേഴാം വകുപ്പ്</u>

ഖണ്ഡം 27(1)-ൽ "മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്റ്റ് " എന്നതിന് ശേഷം "(1953 ലെ IX-ാം ആക്റ്റ്)" എന്ന ചിഹ്നങ്ങളും അക്കങ്ങളും വാക്കുകളും ചേർക്കുക.

<u>ഇരുപത്തിയെട്ടാം വകുപ്പ്</u>

(i) ഖണ്ഡം 28(1)-ൽ "വിശദീകരണം" എന്നതിന് മുൻപ് "രേഖാമൂലമുള്ള" എന്ന് ചേർക്കുക.

(ii) ഖണ്ഡം 28(1)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "പറയുവാനുള്ളത് പറയുവാൻ ഒരവസരം അയാൾക്ക് നൽകിയതിനുശേഷം മാത്രമേ രജിസ്റ്ററിൽ നിന്ന് പൂർണ്ണമായോ അല്ലെങ്കിൽ ഒരു നിർദ്ദിഷ്ട കാലയളവിലേയ്ക്കോ നീക്കംചെയ്യാൻ പാടുള്ളൂ എന്നിരുന്നാലും," എന്ന വാക്കുകളും ചിഹ്നങ്ങളും ഒഴിവാക്കുക.

(iii) ഖണ്ഡം 28(1)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "/അവളെ" എന്ന ചിഹ്നവും വാക്കും ഒഴിവാക്കുക.

(iv) (1)-ാം ഉപഖണ്ഡത്തിന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "ഗുരുതരസ്വഭാവമുള്ള മെഡിക്കൽ നൈതികത ലംഘിക്കൽ" എന്ന വാക്കുകൾക്ക് പകരം "മെഡിക്കൽ നൈതികതയുടെ ഗുരുതരലംഘനം" എന്ന വാക്കുകൾ ചേർക്കുക.

(v) ഖണ്ഡം 28(1)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "എഥിക്സ്" എന്നതിന് പകരം "എത്തിക്സ്" എന്ന് ചേർക്കുക.

<u>ഇരുപത്തിയൊൻപതാം വകുപ്പ്</u>

ഖണ്ഡം 29(1)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ “ഉദ്ദേശത്തോടെയാണ്” എന്നതിന് പകരം "ഉദ്ദേശ്യത്തോടെയാണ് " എന്ന് ചേർക്കുക.

<u>മുപ്പതാം വകുപ്പ്</u>

ഖണ്ഡം 30(3) -ൽ "അല്ലാ" എന്നതിന് പകരം "അല്ല" എന്ന് ചേർക്കുക.

<u>മുപ്പത്തിരണ്ടാം വകുപ്പ്</u>

(i) ഖണ്ഡം 32(1)(i)-ൽ "വാക്കുകൾക്കോ" എന്നതിന് പകരം "വാക്കുകളോ" എന്ന് ചേർക്കുക.

(ii) 32-ാം ഖണ്ഡത്തിലെ (iii)-ാം ഇനത്തിൽ "അധ്യാപകനായോ, അദ്ധ്യാപനം അല്ലെങ്കിൽ മറ്റ്" എന്ന വാക്കുകൾ ഒഴിവാക്കേണ്ടതാണ്.

<u>മുപ്പത്തിമൂന്നാം വകുപ്പ്</u>

(i) ഖണ്ഡം 33(1)-ൽ "രജിസ്ട്രാരുടെ" എന്നതിന് പകരം "രജിസ്ട്രാറുടെ" എന്ന് ചേർക്കുക.

(ii) ഖണ്ഡം 33(1)-ൽ "തീരുമാനം" എന്നതിനുപകരം "അറിയിപ്പ്" എന്ന് ചേർക്കുക.

(iii) (4)-ാം ഉപഖണ്ഡത്തിൽ "തുടർനടപടികൾ ഏതെങ്കിലും ഉണ്ടെങ്കിൽ അവ പരിഗണിക്കുന്നതിനായി" എന്ന വാക്കുകൾ ഒഴിവാക്കുക.

<u>നാൽപ്പത്തിയേഴാം വകുപ്പ്</u>

ഖണ്ഡം 47(1) (ഡി) ഒഴിവാക്കുക.

(ii) <u>സബ്ജക്ട് കമ്മറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ</u>

<u>പീഠിക</u>

പീഠികയിൽ "ആക്റ്റ്" എന്നതിന് ശേഷം "(2018-ലെ 2)" എന്ന് ചേർക്കുക.

<u>ഒന്നാം വകുപ്പ്</u>

(i) ഖണ്ഡം1(1)-ൽ "ആക്റ്റിനു" എന്നതിന് പകരം "ആക്റ്റിന്" എന്ന് ചേർക്കുക.

(ii) ഖണ്ഡം1(2)-ൽ "9-ന്" എന്നതിന് പകരം "9-ാം തീയതി" എന്ന അക്കവും ചിഹ്നവും വാക്കുകളും ചേർക്കുക.

<u>രണ്ടാം വകുപ്പ്</u>

ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 18-ൽ "ആക്റ്റ്(2018-ലെ 2)" എന്നതിന് പകരം "ആക്റ്റിലെ(2018-ലെ 2)" എന്ന് ചേർക്കുക.

(2) <u>2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ</u>

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി ശ്രീ. വി. അബ്ദുറഹിമാൻ സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിച്ചു.

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തി ശ്രീ. പി. ഉബൈദുള്ള സംസാരിച്ചു.

2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. ഇ. കെ. വിജയൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. പി. ബാലചന്ദ്രൻ അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ വീണ്ടും അതേ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. പി. സി. വിഷ്ണുനാഥ് ചുമതലപ്പെടുത്തിയതനുസരിച്ച് പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച് സംസാരിച്ചു.

ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കും ശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് ബിൽ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ സഭ പാസ്സാക്കുകയും ചെയ്തു:

<u>മൂന്നാം വകുപ്പ്</u>

(1) ഖണ്ഡം 3(1)-ൽ "ബോർഡിലെ" എന്നതിന് പകരം "ബോർഡിന്റെ കീഴിലുള്ള" എന്ന് ചേർക്കുക.

(2) ഖണ്ഡം 3(2)(എ)-ൽ "ബോർഡിനുകീഴിലുള്ള" എന്നതിന് പകരം ബോർഡിന്റെ കീഴിലുള്ള" എന്ന് ചേർക്കുക.

(3) ഖണ്ഡം 3(3)-ന്റെ ക്ലിപ്തനിബന്ധനയിൽ "തീരുമാനം എടുക്കുന്നതിന് മുമ്പ് ആ സംഗതി" എന്നതിന് പകരം "തീരുമാനം എടുക്കുന്നതിന് മുമ്പ് ആ കാര്യം" എന്ന് ചേർക്കുക.

<u>നാലാം വകുപ്പ്</u>

(1) ഖണ്ഡം 4(1)-ൽ "കൂടിയാലോചിച്ച്" എന്ന വാക്കിനും ചിഹ്നത്തിനും ശേഷം "ഗസറ്റ് വിജ്ഞാപനം വഴി," എന്ന വാക്കും ചിഹ്നവും ചേർക്കുക.

(2) ഖണ്ഡം 4(3)-ൽ "ആക്റ്റിൻകീഴിലുണ്ടാക്കിയ" എന്നതിന് പകരം "ആക്റ്റിൻ കീഴിലുണ്ടാക്കിയ" എന്ന് ചേർക്കുക.

(3) ഖണ്ഡം 4(3)-ൽ "ദിവസകാലത്തേക്ക്" എന്നതിന് പകരം "ദിവസക്കാലത്തേയ്ക്ക്" എന്ന് ചേർക്കുക.

(4) ഖണ്ഡം 4(3)-ൽ "അവസാനിക്കുന്നതിനു മുമ്പ്" എന്നതിന് പകരം "അവസാനിക്കുന്നതിന് മുൻപ്" എന്ന് ചേർക്കുക.

(5) ഖണ്ഡം 4(3)-ൽ "ചെയ്യുന്നതും ആകുന്നു" എന്നതിന് പകരം "ചെയ്യുന്നതുമാകുന്നു" എന്ന് ചേർക്കുക.

2021 നവംബർ 10-ാം തീയതി ബുധനാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 5.16-ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*

## FIFTEENTH KERALA LEGISLATIVE ASSEMBLY

Third Session

# BULLETIN—PART I

(Brief Record of Proceedings)

*Tuesday, November 9, 2021*

**No. 48**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Five Questions in the list of Questions posted for the day were answered orally.

*Adjournment Motion:*

After hearing the Minister for Transport, the Speaker withheld consent to the moving of an adjournment motion given notice of by Shri T. Siddique and five other Members to the serious situation reported to have arisen consequent on the construction defect of Kozhikode K.S.R.T.C. complex and the loss incurred to the K.S.R.T.C. due to leasing of the building at a lower price by relaxing the guidelines.

(As a mark of protest against the attitude of the Government the Members belonging to opposition staged a walkout.)

*Calling Attention :*

1. Shri K. D. Prasenan called the attention of the Minister for General Education and Labour to the necessity to address the crisis faced by the Continuing Education Program following the cessation of Central assistance. The Minister made a statement thereto.

2. Shri Saneeshkumar Joseph called the attention of the Chief Minister to avoid the situation of releasing water from Dams without warning. The Chief Minister made a statement thereto.

KNPP. 2000/2021(ii).

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. വി. ഡി. സതീശൻ | SDRF-ൽ നിന്നും നഷ്ടപരിഹാരം ലഭിച്ച കുടുംബങ്ങളെയും ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി | തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി |
| 2 | ശ്രീ. ടി. വി. ഇബ്രാഹിം | ജലജീവൻ മിഷൻ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ഫണ്ട് | തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി |
| 3 | ശ്രീ. കെ. ബാബു (*നെന്മാറ*) | കാരപ്പാറ – കരിയാറുകുറ്റി പദ്ധതി | ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി വൈദ്യുതി വകുപ്പുമന്ത്രി |
| 4 | ശ്രീ. ടി. പി. രാമകൃഷ്ണൻ | പേരാമ്പ്ര മുതുകാട് ഗവ. ഐ.ടി.ഐ.-ക്ക് കെട്ടിട നിർമ്മാണം | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 5 | ശ്രീ. എ. പി. അനിൽ കുമാർ | കുണ്ടോട, ചേരി പ്രദേശങ്ങളിലെ ജനവാസ കേന്ദ്രങ്ങളിലെ വന്യമൃഗ ശല്യം | വനം-വന്യജീവി വകുപ്പുമന്ത്രി |
| 6 | ശ്രീ. സണ്ണി ജോസഫ് | വനവിസ്തൃതിക്കായി കിഫ്ബി പദ്ധതി വഴി ഏറ്റെടുക്കുന്ന ഭൂമിക്ക് നഷ്ടപരിഹാരം | വനം-വന്യജീവി വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 7 | ശ്രീ. കോവൂർ കുഞ്ഞുമോൻ | ശാസ്താംകോട്ടയിലെ കുരങ്ങ് ശല്യം | വനം-വന്യജീവി വകുപ്പുമന്ത്രി |
| 8 | ശ്രീ. മാത്യു ടി. തോമസ് | തിരുവല്ലയിലെ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ കാർഷിക യന്ത്രങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി | കൃഷി വകുപ്പുമന്ത്രി |
| 9 | ശ്രീ. പി. ബാലചന്ദ്രൻ | കൃഷിനാശം സംഭവിച്ച കോൾനിലങ്ങൾക്കാവശ്യമായ കുമ്മായവും രാസവളവും ലഭ്യമാക്കാൻ നടപടി | കൃഷി വകുപ്പുമന്ത്രി |
| 10 | ശ്രീ. എം. വിജിൻ | പാലക്കോട് അഴിമുഖത്ത് പുലിമുട്ടുകൾ സ്ഥാപിക്കുന്നതിന് നടപടി | മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമം വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Presentation of Reports:*

The following reports were presented:

(i) The Eleventh to Sixteenth Reports of the Committee on Local fund Accounts.

(ii) The First and Second Reports of the Committee on Environment.

*Legislative Business :*

Motion for Consideration and further stages of the following Bills as reported by the Subject Committee :

1. <u>The Kerala State Medical Practitioners Bill, 2021 and The Kerala Clinical Establishments (Registration and Regulation) Amendment Bill, 2021</u>

Smt. Veena George, Minister for Health and Woman and Child Development moved the motion that The Kerala State Medical Practitioners Bill, 2021 and The Kerala Clinical Establishments (Registration and Regulation) Amendment Bill, 2021 as reported by the Subject Committee be taken up for consideration and spoke.

Shri A. P. Anil Kumar, Shri P. K. Basheer and Smt. K. K. Rema who recorded their dissent to the Subject Committee Reports spoke.

Shri A. N. Shamseer as authorised by Shri P. V. Sreenijin moved an amendment to circulate the The Kerala State Medical Practitioners Bill, 2021 for obtaining public opinion and spoke. Smt. U. Prathibha as authorised by Shri Pramod Narayan moved another amendment to recommit the Bill to the same Subject Committee and spoke.

Shri K. D. Prasenan as authorised by Shri V. K. Prasanth moved an amendment to circulate the The Kerala Clinical Establishments (Registration and Regulation) Amendment Bill, 2021 for obtaining public opinion and spoke. Shri P. C. Vishnunadh as authorised by Shri P. K. Basheer moved another amendment to recommit the Bill to the same Subject Committee and spoke.

After discussion and reply of the Minister the amendments moved were withdrawn with the leave of the House. Then the Bills as reported by the Subject Committee were taken into consideration and were passed by the House with the following amendments:

(i) <u>The Kerala State Medical Practitioners Bill, 2021 as reported by Subject Committee</u>

*Long Title*

ദീർഘശീർഷകത്തിൽ "ആനുഷംഗികമായതോ" എന്നതിന് മുൻപ് "അതിന്" എന്ന് ചേർക്കുക.

*Preamble*

പീഠികയിൽ "ആനുഷംഗികമായതോ" എന്നതിന് മുൻപ് "അതിന്" എന്ന് ചേർക്കുക.

*Clause 2*

(i) ഖണ്ഡം 2 (എ) -ൽ "ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ കൗൺസിൽ" എന്നീ വാക്കുകൾക്ക് ശേഷം "," എന്ന ചിഹ്നം ചേർക്കുക.

(ii) ഖണ്ഡം 2 (a)-യിൽ "കൗൺസിലുകളും" എന്ന വാക്കിനു പകരം "കൗൺസിലും" എന്ന വാക്ക് ചേർക്കുക.

(iii) ഖണ്ഡം 2(എ)-ൽ "കീഴിൻ" എന്നതിനുപകരം "കീഴിൽ" എന്ന് ചേർക്കുക.

(iv) ഖണ്ഡം 2(സി)-ൽ, "ഹോമിയോപ്പതിക്ക്" എന്നതിന് പകരം "ഹോമിയോപ്പതിക് " എന്ന് ചേർക്കുക.

(v) ഖണ്ഡം 2(ഡി)-ൽ "ആയുർവേദ" എന്നതിന് ശേഷം "ചികിത്സാ" എന്ന് ചേർക്കുക.

(vi) ഖണ്ഡം 2(ഡി)-ൽ "ചികിത്സ കേന്ദ്രങ്ങൾ" എന്ന് വരുന്നിടത്തെല്ലാം "ചികിത്സാ കേന്ദ്രങ്ങൾ" എന്ന് ചേർക്കുക.

(vii) ഖണ്ഡം 2 (ഇ)-ൽ "ആയുർവ്വേദ" എന്നതിന് പകരം "ആയുർവേദ" എന്ന് ചേർക്കുക.

(viii) ഖണ്ഡം 2 (ഇ)-ൽ "സിദ്ധ മെഡിസിൻ" എന്നതിന് പകരം "സിദ്ധ ചികിത്സ" എന്ന് ചേർക്കുക.

(ix) ഖണ്ഡം 2(എഫ്)-ൽ "മോഡേൺ മെഡിസിനോ" എന്നതിന് ശേഷമുള്ള "," ചിഹ്നം ഒഴിവാക്കുക.

(x) ഖണ്ഡം 2(എഫ്)-ൽ "ഹോമിയോപ്പതിക്ക്" എന്നതിന് പകരം "ഹോമിയോപ്പതിക്" എന്ന് ചേർക്കുക.

(xi) 2-ാം ഖണ്ഡത്തിന്റെ (ഐ) (ii) ഇനത്തിനു പകരം "ഔട്ട് പേഷ്യന്റ് വിഭാഗവും ഇൻപേഷ്യന്റ് വിഭാഗവും ഉള്ളതായ പ്രകൃതിചികിത്സാ ആശുപത്രികൾ; അല്ലെങ്കിൽ" എന്ന ഇനം ചേർക്കുക.

(xii) ഖണ്ഡം 2 (എൽ)-ൽ "എന്നാൽ" എന്നതിന് ശേഷമുള്ള "ഒരു" എന്നത് ഒഴിവാക്കുക.

(xiii) ഖണ്ഡം 2(എൽ)-ൽ "കൈവശമുള്ള" എന്നതിന് ശേഷമുള്ള "ഒരു" എന്ന വാക്ക് ഒഴിവാക്കുക.

(xiv) ഖണ്ഡം 2(പി)-ൽ "നിയമിച്ച" എന്നതിന് പകരം "നിയമിക്കപ്പെട്ട" എന്ന് ചേർക്കുക.

(xv) ഖണ്ഡം 2(പി)-ൽ "ബന്ധപ്പെട്ട കൗൺസിലിന്റെ" എന്നത് ഒഴിവാക്കുക.

*Clause 3*

(i) ഖണ്ഡം 3(1)(ബി) -ൽ "കൂടാതെ" എന്നത് ഒഴിവാക്കുക.

(ii) ഖണ്ഡം 3(1)(സി)-ൽ "ഹോമിയോപ്പതിക്ക്" എന്നതിന് പകരം "ഹോമിയോപ്പതിക് " എന്ന് ചേർക്കുക.

(iii) 3-ാം ഖണ്ഡത്തിന്റെ (3)-ാം ഉപഖണ്ഡത്തിൽ "മോഡേൺ മെഡിസിൻ കൗൺസിലിൽ താഴെപ്പറയുന്ന പതിനഞ്ച് അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്" എന്ന വാക്കുകൾക്കു പകരം " മോഡേൺ മെഡിസിൻ കൗൺസിൽ താഴെപ്പറയുന്ന പതിനഞ്ച് അംഗങ്ങൾ അടങ്ങുന്നതാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(iv) ഖണ്ഡം 3 (3)(ഡി)-ൽ "നാമനിർദ്ദേശം ചെയ്യപ്പെടുന്ന" എന്നതിന് പകരം "സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന" എന്ന് ചേർക്കുക.

(v) ഖണ്ഡം 3(3)(ഇ)-ൽ "സ്വകാര്യ" എന്നതിന് പകരം "സ്വകാര്യ/സ്വാശ്രയ" എന്ന വാക്കുകളും ചിഹ്നവും ചേർക്കുക.

(vi) ഖണ്ഡം 3(3) (എഫ്)-ൽ "രജിസ്ട്രേഷന് ശേഷം" എന്നത് ഒഴിവാക്കുക.

(vii) ഖണ്ഡം 3(3)(ജി)-ൽ "രജിസ്ട്രേഷന് ശേഷം" എന്നത് ഒഴിവാക്കുക.

(viii) ഖണ്ഡം 3(3)(എച്ച്)-ൽ "സർവ്വകലാശാലയിലെ" എന്നതിന് പകരം "സർവ്വകലാശാലയുടെ" എന്ന് ചേർക്കുക.

(ix) 3- ാം ഖണ്ഡത്തിന്റെ (4)-ാം ഉപഖണ്ഡത്തിൽ "ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ കൗൺസിലിൽ താഴെപ്പറയുന്ന പതിനഞ്ച് അംഗങ്ങൾ,

അടങ്ങിയിരിക്കേണ്ടതാണ്" എന്ന വാക്കുകൾക്ക് പകരം "ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ കൗൺസിൽ താഴെപ്പറയുന്ന പതിനഞ്ച് അംഗങ്ങൾ അടങ്ങുന്നതാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്:

(x) ഖണ്ഡം 3(4)(എ)-ൽ "എഡ്യൂക്കേഷൻ" എന്നതിന് ശേഷം "ഡിപ്പാർട്ട്മെന്റ്" എന്ന് ചേർക്കുക.

(xi) ഖണ്ഡം 3(4)(ബി)-ൽ "മെഡിസിൻ" എന്നതിന് ശേഷം "ഡിപ്പാർട്ട്മെന്റ്" എന്ന് ചേർക്കുക.

(xii) ഖണ്ഡം 3(4)(സി)-ൽ "പ്രകൃതിചികിത്സയും" എന്നതിന് ശേഷം "എന്നീ വിഭാഗങ്ങളിലെ" എന്ന് ചേർക്കുക.

(xiii) ഖണ്ഡം 3(4)(ഡി)-ൽ “ നാമനിർദ്ദേശം ചെയ്യപ്പെടുന്ന" എന്നതിന് പകരം "സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന " എന്ന് ചേർക്കുക.

(xiv) ഖണ്ഡം 3(4)(എഫ്)-ൽ "മെഡിസിനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രാക്ടീഷണർമാരിൽ" എന്നതിന് പകരം "മെഡിസിനിലെ രജിസ്റ്റേർഡ് പ്രാക്ടീഷണർമാർ അവർക്കിടയിൽ" എന്ന് ചേർക്കുക.

(xv) ഖണ്ഡം 3(4)(ജെ)(i)-ൽ "പ്രകൃതി ചികിത്സയും യോഗ സയൻസ്" എന്നതിന് പകരം "യോഗയും പ്രകൃതിചികിത്സയും" എന്ന് ചേർക്കുക.

(xvi) ഖണ്ഡം 3(4)(കെ)-ൽ "സർവ്വകലാശാലയിലെ” എന്നതിന് പകരം "സർവ്വകലാശാലയുടെ” എന്ന് ചേർക്കുക.

(xvii) 3-ാം ഖണ്ഡത്തിന്റെ (5)-ാം ഉപഖണ്ഡത്തിൽ " ഹോമിയോപ്പതിക് മെഡിസിൻ കൗൺസിലിൽ താഴെപ്പറയുന്ന പന്ത്രണ്ട് അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്" എന്ന വാക്കുകൾക്കു പകരം "ഹോമിയോപ്പതിക് മെഡിസിൻ കൗൺസിൽ താഴെപ്പറയുന്ന പന്ത്രണ്ട് അംഗങ്ങൾ അടങ്ങുന്നതാണ്, അതായത്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(xviii) ഖണ്ഡം 3(5)(ഡി)-ൽ "നാമനിർദ്ദേശം ചെയ്യപ്പെടുന്ന" എന്നതിന് പകരം "സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന" എന്ന് ചേർക്കുക.

(xix) ഖണ്ഡം 3(5)(എച്ച്)-ൽ "സർവകലാശാലയിലെ" എന്നതിന് പകരം "സർവ്വകലാശാലയുടെ" എന്ന് ചേർക്കുക.

*Clause 7*

ഖണ്ഡം 7(3) -ൽ "വീണ്ടും" എന്നതിന് മുൻപ് "ഒരു തവണ കൂടി" എന്ന് ചേർക്കുക.

*Clause 8*

(i) 8- ാം ഖണ്ഡത്തിലെ (5)- ാം ഉപഖണ്ഡത്തിൽ "പ്രസിഡന്റിന്റെ സ്ഥാനം ഒഴിവുള്ളപ്പോഴോ അല്ലെങ്കിൽ പ്രസിഡന്റിന് ചുമതല നിർവ്വഹിക്കാനാകാത്തപ്പഴോ ആ ഉദ്യോഗത്തിൽ ഒരു ഒഴിവുണ്ടെങ്കിൽ, രജിസ്ട്രാർ, കൗൺസിൽ അംഗങ്ങൾക്ക് ഏഴ് പൂർണ്ണ ദിവസത്തിൽ കുറയാതെ നോട്ടീസ് കൊടുത്തശേഷം, പ്രസിഡന്റിന്റെ തെരഞ്ഞെടുപ്പിനായി ഒരു യോഗം വിളിച്ചുകൂട്ടേണ്ടതും," എന്ന വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം താഴെപ്പറയുന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

"പ്രസിഡന്റിന്റെ സ്ഥാനം ഒഴിവുള്ളപ്പോഴോ, അല്ലെങ്കിൽ പ്രസിഡന്റിന്റെ ചുമതല നിർവ്വഹിക്കാനാകാത്തപ്പോഴോ അതേസമയത്ത് തന്നെ, വൈസ്-പ്രസിഡന്റിന്റെ സ്ഥാനം ഒഴിവുള്ളപ്പോഴോ അല്ലെങ്കിൽ വൈസ്-പ്രസിഡന്റിന് ചുമതല നിർവ്വഹിക്കാനാകാത്തപ്പോഴോ ആ ഉദ്യോഗത്തിൽ ഒഴിവുണ്ടെങ്കിൽ, രജിസ്ട്രാർ, കൗൺസിൽ അംഗങ്ങൾക്ക് ഏഴ് പൂർണ്ണ ദിവസത്തിൽ കുറയാതെ നോട്ടീസ് കൊടുത്ത ശേഷം പ്രസിഡന്റിന്റെ തെരഞ്ഞെടുപ്പിനായി ഒരു യോഗം വിളിച്ചുകൂട്ടേണ്ടതാണ്."

(ii) ഖണ്ഡം 8(5)-ൽ "മുക്തരാകുന്നതുവരെയോ" എന്നതിന് പകരം "മുക്തനാകുന്നതുവരെയോ" എന്ന് ചേർക്കുക.

(iii) ഖണ്ഡം 8(5)-ൽ "ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പലും കൺട്രോളിംഗ് ഓഫീസറും" എന്നതിന് പകരം "ഹോമിയോപ്പതിക് മെഡിക്കൽ വിദ്യാഭ്യാസ പ്രിൻസിപ്പൽ ആന്റ് കൺട്രോളിംഗ് ഓഫീസർ എന്നിവർ" എന്ന് ചേർക്കുക.

*Clause 10*

ഖണ്ഡം 10-ൽ "നിയമനങ്ങളും" എന്നതിന് ശേഷം "സർക്കാർ ഔദ്യോഗിക " എന്ന് ചേർക്കുക.

*Clause 11*

(i) (സി) ഇനത്തിൽ" അയാളെ" എന്ന വാക്കിനു പകരം " അയാൾ" എന്ന വാക്ക് ചേർക്കുക.

(ii) ഖണ്ഡം 11 (ബി)-ൽ "ബുദ്ധിസ്ഥിരതയില്ലാത്തതായിരിക്കുകയും" എന്നതിന് പകരം "ബുദ്ധിസ്ഥിരതയില്ലാത്തയാളായിരിക്കുകയും" എന്ന് ചേർക്കുക.

(iii) ഖണ്ഡം 11(ഇ)-ൽ "അതാത്" എന്നതിന് പകരം "അതത്" എന്ന് ചേർക്കുക.

(iv) ഖണ്ഡം 11(ഇ)-ൽ "ഹോമിയോപ്പതിക്ക്" എന്നതിന് പകരം "ഹോമിയാപ്പതിക്" എന്ന് ചേർക്കുക.

(v) 11-ാം ഖണ്ഡത്തിലെ (എഫ്) ഇനത്തിൽ "നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ള" എന്ന വാക്കുകൾക്ക് പകരം "നാമനിർദ്ദേശം ചെയ്യപ്പെട്ടെങ്കിലും" എന്ന വാക്കുകൾ ചേർക്കുക.

(vi) ഖണ്ഡം 11(എഫ്)-ൽ "ഹോമിയോപ്പതിക്ക്" എന്നതിന് പകരം "ഹോമിയോപ്പതിക്" എന്ന് ചേർക്കുക.

(vii) 11-ാം ഖണ്ഡത്തിലെ (ജി) ഇനത്തിൽ "സംസ്ഥാനത്തെ പ്രൈവറ്റ്/ എയ്ഡഡ്/സ്വാശ്രയ മെഡിക്കൽ കോളേജ്, പ്രൈവറ്റ്/എയ്ഡഡ്/സ്വാശ്രയ ഹോമിയോപ്പതിക്ക് മെഡിക്കൽ കോളേജ് അല്ലെങ്കിൽ പ്രൈവറ്റ് ആയുർവേദ മെഡിക്കൽ കോളേജിലെ പ്രിൻസിപ്പൽ അല്ലാതായിത്തീരുന്നെങ്കിൽ" എന്ന വാക്കുകൾക്ക് പകരം "സംസ്ഥാനത്തെ സ്വകാര്യ മെഡിക്കൽ കോളേജ്, അല്ലെങ്കിൽ ആയുർവേദ/സിദ്ധ/യുനാനി എന്നീ വിഭാഗങ്ങളിലെ, സ്വകാര്യ/എയ്ഡഡ്/സ്വാശ്രയ മെഡിക്കൽ കോളേജുകളിലെയോ യോഗയും പ്രകൃതി ചികിത്സയും സ്ഥാപനങ്ങളിലെയോ, സ്വകാര്യ/എയ്ഡഡ്/സ്വാശ്രയ ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ പ്രിൻസിപ്പൽ അല്ലാതായിത്തീരുന്നെങ്കിൽ," എന്ന വാക്കുകൾ ചേർക്കുക.

## *Clause 14*

ഖണ്ഡം 14(1)-ൽ "അദ്ധ്യക്ഷം" എന്നതിന് പകരം "അദ്ധ്യക്ഷത " എന്ന് ചേർക്കുക.

## *Clause 16*

(i) 16-ാം ഖണ്ഡത്തിലെ (4)-ാം ഉപഖണ്ഡത്തിൽ "യോഗത്തിലെ ചോദ്യങ്ങൾക്ക്" എന്ന വാക്കുകൾക്ക് പകരം "യോഗത്തിൽ വോട്ടെടുപ്പിലൂടെ തീരുമാനമെടുക്കേണ്ട സംഗതികളിൽ" എന്ന വാക്കുകൾ ചേർക്കുക.

(ii) ഖണ്ഡം 16(4)-ൽ "ഉണ്ടാക്കുന്നതുമാണ്" എന്നതിന് പകരം "ഉണ്ടായതായി കരുതപ്പെടുന്നതുമാണ്" എന്ന് ചേർക്കുക.

*Clause 18*

ഖണ്ഡം 18-ൽ "മറ്റു" എന്നതിന് പകരം "മറ്റ്" എന്ന് ചേർക്കുക.

Clause 19

(i) ഖണ്ഡം 19 (1)-ൽ "ആയിരിക്കുന്നതാണ്" എന്നതിന് പകരം "ആയിരിക്കുന്നതുമാണ്" എന്ന് ചേർക്കുക.

(ii) (2)-ാം ഉപഖണ്ഡത്തിൽ "അഡീഷണൽ നിയമ സെക്രട്ടറി" എന്ന വാക്കുകൾക്ക് പകരം "അഡീഷണൽ സെക്രട്ടറി" എന്ന വാക്കുകൾ ചേർക്കുക.

Clause 20

(i) ഖണ്ഡം 20(3)-ൽ "റ്റിബ്ബി" എന്നതിന് പകരം "ടിബ്ബി" എന്ന് ചേർക്കുക.

(ii) ഖണ്ഡം 20 (5)-ൽ " വകുപ്പ്പ്രകാരം" എന്നതിനുപകരം "വകുപ്പ് പ്രകാരം" എന്ന് ചേർക്കുക.

*Clause 21*

(i) ഖണ്ഡം 21(1)-ൽ "മറ്റു" എന്നതിന് പകരം "മറ്റ്" എന്ന് ചേർക്കുക.

(ii) ഖണ്ഡം 21(1)-ൽ "നിർണ്ണയിക്കപ്പെടാവുന്ന" എന്നതിന് പകരം "നിർണ്ണയിക്കപ്പെട്ട" എന്ന് ചേർക്കുക.

(iii) (2)-ാം ഉപഖണ്ഡത്തിൽ "ജീവനക്കാർക്കും" എന്ന വാക്കിനു ശേഷം "ബാധകമായ" എന്ന വാക്ക് ചേർക്കുക.

(iv) ഖണ്ഡം 21(3)-ൽ "ശിക്ഷിക്കുന്നതിനോ" എന്നതിന് ശേഷം വരുന്ന " , " ചിഹ്നം ഒഴിവാക്കുക.

(v) (4)-ാം ഉപഖണ്ഡത്തിൽ "(1)-ഉം (2)-ഉം ഉപവകുപ്പുകൾ" എന്നതിന് പകരം "(1)-ാം ഉപവകുപ്പ്" എന്നത് ചേർക്കുക.

*Clause 22*

ഖണ്ഡം 22(2)-ൽ "എഴുപത്തിയഞ്ച് ശതമാനത്തിൽ" എന്നതിന് പകരം "നാലിൽ മൂന്നിൽ" എന്ന് ചേർക്കുക.

*Clause 23*

ഖണ്ഡം 23(1)-ൽ "സർക്കാർ കാണുന്നപക്ഷം" എന്നതിന് പകരം "സർക്കാരിന് ബോദ്ധ്യപ്പെടുന്നപക്ഷം" എന്ന് ചേർക്കുക.

*Clause 24*

(i) ഖണ്ഡം 24(1)-ൽ "അംഗീകൃത സ്ഥാപനത്തിൽ നിന്ന്" എന്നതിന് ശേഷം "വൈദ്യശാസ്ത്ര" എന്ന് ചേർക്കുക.

(ii) (1)-ാം ഉപഖണ്ഡത്തിൽ "മുറപ്രകാരമുള്ള" എന്ന വാക്കിനുപകരം "റഗുലർ സമ്പ്രദായത്തിലുള്ള" എന്ന വാക്കുകൾ ചേർക്കുക.

*Clause 25*

(i) ഖണ്ഡം 25(2) -ൽ "ഒരു" എന്നത് ഒഴിവാക്കുക.

(ii) ഖണ്ഡം 25(2)-ൽ "ഫോറത്തിലും" എന്നതിന് പകരം "ഫാറത്തിലും" എന്ന് ചേർക്കുക.

(iii) ഖണ്ഡം 25(3)-ൽ "കാലാകാലങ്ങളായി" എന്നതിന് പകരം "കാലാകാലങ്ങളിൽ" എന്ന് ചേർക്കുക.

(iv) (3)-ാം ഉപഖണ്ഡത്തിൽ "ഏതെങ്കിലും അധികമായുള്ള" എന്ന വാക്കുകൾക്ക് പകരം "അധികമായി നേടിയിട്ടുള്ള ഏതെങ്കിലും" എന്നത് ചേർക്കുക.

(v) (3)-ാം ഉപഖണ്ഡത്തിൽ "നിർണ്ണയിക്കുന്ന" എന്ന വാക്കിനുപകരം "നിശ്ചയിക്കുന്ന" എന്ന വാക്ക് ചേർക്കുക.

(vi) ഖണ്ഡം 25(5)-ൽ "ഉചിതമായ" എന്നതിന് പകരം "ബന്ധപ്പെട്ട" എന്ന് ചേർക്കുക.

(vii) ഖണ്ഡം 25(6)-ൽ "നിർണ്ണയിക്കപ്പെടാവുന്ന" എന്നതിന് പകരം "നിർണ്ണയിക്കപ്പെട്ട" എന്ന് ചേർക്കുക.

(viii) (7)-ാം ഉപഖണ്ഡത്തിൽ "അതത് സംഗതിപോലെ, പ്രാഥമിക അല്ലെങ്കിൽ അധിക അംഗീകൃത യോഗ്യതയായി പേര് രജിസ്റ്റർ ചെയ്തിട്ടുള്ള" എന്ന വാക്കുകൾക്ക് പകരം "അതത് സംഗതിപോലെ, പ്രാഥമിക അല്ലെങ്കിൽ അധിക അംഗീകൃത യോഗ്യതയുടെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള" എന്ന വാക്കുകൾ ചേർക്കുക.

*Clause 26*

(i) ഖണ്ഡം 26(2)-ന്റെ ക്ലിപ്തനിബന്ധനയിൽ "എന്തെങ്കിലും" എന്നതിന് പകരം "ഏതെങ്കിലും" എന്ന് ചേർക്കുക.

(ii) ഖണ്ഡം 26(2)-ന്റെ ക്ലിപ്തനിബന്ധനയിൽ "ചേർക്കുന്നതിന് അയാൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ല" എന്നതിന് പകരം "ചേർക്കപ്പെടുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല" എന്ന് ചേർക്കുക.

*Clause 27*

ഖണ്ഡം 27(1)-ൽ "മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്റ്റ്" എന്നതിന് ശേഷം "(1953 ലെ IX-ാം ആക്റ്റ്)" എന്ന ചിഹ്നങ്ങളും അക്കങ്ങളും വാക്കുകളും ചേർക്കുക.

*Clause 28*

(i) ഖണ്ഡം 28(1)-ൽ "വിശദീകരണം" എന്നതിന് മുൻപ് "രേഖാമൂലമുള്ള" എന്ന് ചേർക്കുക.

(ii) ഖണ്ഡം 28(1)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "പറയുവാനുള്ളത് പറയുവാൻ ഒരവസരം അയാൾക്ക് നൽകിയതിനുശേഷം മാത്രമേ രജിസ്റ്ററിൽ നിന്ന് പൂർണ്ണമായോ അല്ലെങ്കിൽ ഒരു നിർദ്ദിഷ്ട കാലയളവിലേയ്ക്കോ നീക്കംചെയ്യാൻ പാടുള്ളൂ എന്നിരുന്നാലും," എന്ന വാക്കുകളും ചിഹ്നങ്ങളും ഒഴിവാക്കുക.

(iii) ഖണ്ഡം 28(1)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "/അവളെ" എന്ന ചിഹ്നവും വാക്കും ഒഴിവാക്കുക.

(iv) (1)-ാം ഉപഖണ്ഡത്തിന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "ഗുരുതരസ്വഭാവമുള്ള മെഡിക്കൽ നൈതികത ലംഘിക്കൽ" എന്ന വാക്കുകൾക്ക് പകരം "മെഡിക്കൽ നൈതികതയുടെ ഗുരുതരലംഘനം" എന്ന വാക്കുകൾ ചേർക്കുക.

(v) ഖണ്ഡം 28(1)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "എഥിക്സ്" എന്നതിന് പകരം "എത്തിക്സ്" എന്ന് ചേർക്കുക.

*Clause 29*

ഖണ്ഡം 29(1)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "ഉദ്ദേശത്തോടെയാണ്" എന്നതിന് പകരം "ഉദ്ദേശ്യത്തോടെയാണ് " എന്ന് ചേർക്കുക.

*Clause 30*

ഖണ്ഡം 30(3) -ൽ "അല്ലാ" എന്നതിന് പകരം "അല്ല" എന്ന് ചേർക്കുക

*Clause 32*

(i) ഖണ്ഡം 32(1)(i)-ൽ "വാക്കുകൾക്കോ" എന്നതിന് പകരം "വാക്കുകളോ" എന്ന് ചേർക്കുക.

(ii) 32-ാം ഖണ്ഡത്തിലെ (iii)-ാം ഇനത്തിൽ "അധ്യാപകനായോ, അദ്ധ്യാപനം അല്ലെങ്കിൽ മറ്റ്"എന്ന വാക്കുകൾ ഒഴിവാക്കേണ്ടതാണ്.

*Clause 33*

(i) ഖണ്ഡം 33(1)-ൽ "രജിസ്ട്രാരുടെ" എന്നതിന് പകരം "രജിസ്ട്രാറുടെ" എന്ന് ചേർക്കുക.

(ii) ഖണ്ഡം 33(1)-ൽ "തീരുമാനം" എന്നതിന് പകരം "അറിയിപ്പ്" എന്ന് ചേർക്കുക.

(iii) (4)-ാം ഉപഖണ്ഡത്തിൽ "തുടർനടപടികൾ ഏതെങ്കിലും ഉണ്ടെങ്കിൽ അവ പരിഗണിക്കുന്നതിനായി" എന്ന വാക്കുകൾ ഒഴിവാക്കുക.

*Clause 47*

ഖണ്ഡം 47(1) (ഡി) ഒഴിവാക്കുക.

(ii) <u>The Kerala Clinical Establishments (Registration and Regulation) Amendment Bill, 2021 as reported by Subject Committee</u>

*Preamble*

പീഠികയിൽ "ആക്റ്റ്" എന്നതിന് ശേഷം "(2018-ലെ 2)" എന്ന് ചേർക്കുക.

*Clause 1*

(i) ഖണ്ഡം1(1)-ൽ "ആക്റ്റിനു" എന്നതിന് പകരം "ആക്റ്റിന് " എന്ന് ചേർക്കുക.

(ii) ഖണ്ഡം1(2)-ൽ "9-ന്" എന്നതിന് പകരം "9-ാം തീയതി" എന്ന അക്കവും ചിഹ്നവും വാക്കുകളും ചേർക്കുക.

*Clause - 2*

ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 18-ൽ "ആക്റ്റ്(2018-ലെ 2)" എന്നതിന് പകരം "ആക്റ്റിലെ(2018-ലെ 2)" എന്ന് ചേർക്കുക.

2. <u>The Kerala Public Service Commission (Additional Functions as respects the services under the Waqf Board) Bill, 2021</u>

Shri V. Abdurahiman, Minister for Sports, Waqf and Hajj Pilgrimage moved the motion that The Kerala Public Service Commission (Additional Functions as respects the services under the Waqf Board) Bill, 2021 as reported by the Subject Committee be taken up for consideration and spoke.

Shri P. Ubaidulla who recorded dissent to the Subject Committee Report spoke.

Shri P. Balachandran as authorised by Shri E. K. Vijayan moved an amendment to circulate the The Kerala Public Service Commission (Additional Functions as respects the services under the Waqf Board) Bill, 2021 for obtaining public opinion and spoke. Prof. Abid Hussain Thangal as authorised by Shri P. C. Vishnunadh moved another amendment to recommit the Bill to the same Subject Committee and spoke.

After discussion and reply of the Minister the amendments moved were withdrawn with the leave of the House. Then the Bill as reported by the Subject Committee was taken into consideration and passed by the House with the following amendments:

*Clause - 3*

(1) ഖണ്ഡം 3(1)-ൽ "ബോർഡിലെ" എന്നതിന് പകരം "ബോർഡിന്റെ കീഴിലുള്ള" എന്ന് ചേർക്കുക.

(2) ഖണ്ഡം 3(2)(എ)-ൽ "ബോർഡിനുകീഴിലുള്ള" എന്നതിന് പകരം ബോർഡിന്റെ കീഴിലുള്ള" എന്ന് ചേർക്കുക.

(3) ഖണ്ഡം 3(3)-ന്റെ ക്ലിപ്തനിബന്ധനയിൽ "തീരുമാനം എടുക്കുന്നതിന് മുമ്പ് ആ സംഗതി" എന്നതിന് പകരം " തീരുമാനം എടുക്കുന്നതിന് മുമ്പ് ആ കാര്യം" എന്ന് ചേർക്കുക.

*Clause - 4*

(1) ഖണ്ഡം 4(1)-ൽ "കൂടിയാലോചിച്ച് " എന്ന വാക്കിനും ചിഹ്നത്തിനും ശേഷം "ഗസറ്റ് വിജ്ഞാപനം വഴി," എന്ന വാക്കും ചിഹ്നവും ചേർക്കുക.

(2) ഖണ്ഡം 4(3)-ൽ "ആക്റ്റിൻകീഴിലുണ്ടാക്കിയ" എന്നതിന് പകരം "ആക്റ്റിൻ കീഴിലുണ്ടാക്കിയ" എന്ന് ചേർക്കുക.

(3) ഖണ്ഡം 4(3)-ൽ "ദിവസകാലത്തേക്ക്" എന്നതിന് പകരം "ദിവസക്കാലത്തേയ്ക്ക്" എന്ന് ചേർക്കുക.

(4) ഖണ്ഡം 4(3)-ൽ "അവസാനിക്കുന്നതിനു മുമ്പ്" എന്നതിന് പകരം "അവസാനിക്കുന്നതിന് മുൻപ്" എന്ന് ചേർക്കുക.

(5) ഖണ്ഡം 4(3)-ൽ "ചെയ്യുന്നതും ആകുന്നു" എന്നതിന് പകരം "ചെയ്യുന്നതുമാകുന്നു" എന്ന് ചേർക്കുക.

The House adjourned at 5.16 p.m. to meet again at 9.00 a. m. on Wednesday November 10, 2021.

S. V. UNNIKRISHNAN NAIR,
Secretary.